നഗരവികസന പദ്ധതികൾ

91 (1562) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജവഹർലാൽ നെഹ്റു ദേശീയ നഗരവികസന പദ്ധതിയുടെ ഇപ്പോഴുള്ള സ്ഥിതി വിശദമാക്കുമോ;

(ബി) പുതിയ അമൃത് പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച വിശദ വിവരം നൽകാമോ; പദ്ധതിയിൽ ഏതെല്ലാം നഗരങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) രണ്ട് പദ്ധതികളും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുമോ ?

ഉത്തരം

(എ) പദ്ധതി കാലയളവ് 31-3-2014-ൽ അവസാനിച്ച സാഹചര്യത്തിൽ ജവഹർലാൽ നെഹ്റു ദേശീയ നഗരവികസന പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കേന്ദ്ര സർക്കാർ അവസാനിപ്പിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ നടന്നുവരുന്ന പദ്ധതികൾ സംസ്ഥാനവിഹിതവും നഗരസഭാവിഹിതവും ഉപയോഗിച്ച് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ജവഹർലാൽ നെഹ്റു ദേശീയ നഗരവികസന പദ്ധതി പ്രവർത്തനങ്ങൾ കേന്ദ്രം അവസാനിപ്പിച്ചുവെങ്കിലും 2005-12 കാലയളവിൽ അംഗീകരിച്ചതും, 31-3-2014-നകം 50%-ൽ അധികം കേന്ദ്രസഹായം ലഭ്യമായതും, 50%-ൽ അധികം ഭൗതിക പുരോഗതി കൈവരിച്ചതുമായ പദ്ധതികളുടെ ശേഷിക്കുന്ന കേന്ദ്രവിഹിതവും, ട്രാൻസിഷൻ ഫേസിലുൾപ്പെടുത്തി അംഗീകാരം ലഭിച്ച പദ്ധതികൾക്ക് ഭേദഗതി ചെയ്ത 50% നിരക്കിലുള്ള ശേഷിക്കുന്ന കേന്ദ്രവിഹിതവും ജവഹർലാൽ നെഹ്റു ദേശീയ നഗരവികസന പദ്ധതിക്കു പകരമായി നടപ്പിലാക്കുന്ന അമൃത് പദ്ധതിയിലുൾപ്പെടുത്തി ലഭ്യമാക്കുമെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്. മേൽപ്രാഞ്ഞതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭയുടെ വാട്ടർസപ്ലൈ, സ്വിവറേജ്, സ്റ്റോംവാട്ടർ ഡ്രെയിനേജ് പദ്ധതികളുടെയും, കൊച്ചി നഗരസഭയുടെ വാട്ടർസപ്ലൈ, സ്റ്റോംവാട്ടർ ഡ്രെയിനേജ്, സോളിഡ് വേസ്റ്റ് മാനേജ്മെന്റ്, ട്രാഫിക് ആന്റ് ട്രാൻസ്പോർട്ടേഷൻ, ഇ-ഗവേണൻസ് പദ്ധതികളുടെയും ഇതിനകം ഏറ്റെടുത്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) പുതിയ അമൃത് പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി പദ്ധതി മാർഗ്ഗ നിർദ്ദേശപ്രകാരം കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 9 നഗരങ്ങളുടെ സർവ്വീസ് ലെവൽ ഇംപ്രൂവ്മെന്റ് പ്ലാനുകളും, അവ സംയോജിപ്പിച്ചുകൊണ്ടുള്ള ഒരു സ്റ്റേറ്റ് ആന്വൽ ആക്ഷൻപ്ലാനും തയ്യാറാക്കി കേന്ദ്ര നഗരകാര്യ വകുപ്പിന് സമർപ്പിക്കുകയും, പ്രസ്തുത സ്റ്റേറ്റ് ആന്വൽ ആക്ഷൻപ്ലാൻ പ്രകാരമുള്ള 587.98 കോടി രൂപയുടെ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികൾക്ക് കേന്ദ്ര സർക്കാർ ഇതിനകം അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ സംസ്ഥാനതല മിഷൻ ഡയറക്ടറായി തദ്ദേശ സ്വയംഭരണ നഗരകാര്യ വകുപ്പ് സെക്രട്ടറിയായ ശ്രീ. മുഹമ്മദ് ഹനീഷ് ഐ.എ.എസ്.-നേയും, നോഡൽ ആഫീസറായി കെ.എസ്.യു.ഡി.പി. പ്രോജക്ട് ഡയറക്ടറായ ശ്രീമതി ആർ. ഗിരിജ ഐ.എ.എസ്.-നെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. അമൃത് നഗരങ്ങളിലെ പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സംസ്ഥാനതല മിഷൻ മാനേജ്മെന്റ് യൂണിറ്റും, നഗരതല മിഷൻ മാനേജ്മെന്റ് യൂണിറ്റുകളും ഇതിനകം രൂപീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കൊച്ചി, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ നഗരങ്ങളെയാണ് അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) ജെ.എൻ.എൻ.യു.ആർ.എം. ഉൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് അവലംബിച്ചുപോരുന്ന Project by Project അംഗീകാരത്തിനു പകരം ഓരോ വർഷവും സംസ്ഥാനം കേന്ദ്രത്തിന് സമർപ്പിച്ച് അംഗീകാരം വാങ്ങുന്ന State Annual Action Plan (SAAP)-ൽ നിന്നും സംസ്ഥാനത്തിനു തന്നെ അമൃത് മിഷൻ പദ്ധതികൾക്ക് അംഗീകാരം നൽകാവുന്നതാണ്. പദ്ധതിയിലുൾപ്പെടുന്നതിന് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ഒരു Service Level Improvement Plan (SLIP) തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. പദ്ധതി അംഗീകാരത്തിന് മുമ്പായി തന്നെ സ്ഥലവും, ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നുള്ള അനുമതി ഉത്തരവുകളും, നിരാക്ഷേപ പത്രങ്ങളും ലഭ്യമാക്കാത്ത പദ്ധതികളെ അമൃത് മിഷനിൽ ഉൾപ്പെടുത്തുകയില്ല. 80:10:10 (കേന്ദ്രം-സംസ്ഥാനം-നഗരസഭ) എന്ന ജെ.എൻ.എൻ.യു.ആർ.എം. ഫണ്ടിംഗ് പാറ്റേണിന്റെ സ്ഥാനത്ത് അമൃത് മിഷൻ പദ്ധതികളുടെ ഫണ്ടിംഗ് പാറ്റേൺ താഴെപ്പറയും പ്രകാരമാണ്.

Component	Funding Pattern
Water supply, Sewerage, Septage, Storm Water Drains, Urban Transport.	1. One-third of the project cost as grant from GOI for cities with a population of above 10 lakh. 2. One-half of the project cost as grant for cities/towns with population upto 10 lakh. 3. Balance Funding by State Governments/ ULBs or through private investment.
Development of green spaces and park with special provision for child friendly components	One-half of the project cost by GOI and the total expenditure on these projects will not exceed 2.5% of the State Annual Action Plan (SAAP)

LIBRARY ARCHIVES Kerala Legislative Assembly